## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3769

15.05.2017 ൽ
മറുപടിക്ക്

## എയിഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി /എസ്.ടി സംവരണം

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർവകലാശാല ചട്ടം ഭേദഗതി ചെയ്ത് എയിഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി /എസ്.ടി സംവരണം കർശനമായി പാലിക്കണമെന്ന് 28.6.2006-ലെ F1/5/2006 നമ്പർ കത്ത് മുഖേന യു.ജി.സി നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ), (ബി), (സി), (ഡി) | കോളേജുകളിലെ നിയമനങ്ങളിൽ എസ്. സി / എസ്. ടി. സംവരണം കർശനമായി പാലിക്കണമെന്നുള്ള യുജിസി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും ബഹു. കേരള ഹൈ കോടതിയുടെ W P ( c) No. 32393/2010, 33205/ 2010 9140/2013 എന്നീ റിട്ട് ഹർജികളിലെ 25.05.2015 ലെ വിധിയുടെ അടിസ്ഥാനത്തിലും കേരളത്തിലെ ന്യൂനപക്ഷപദവിയില്ലാത്ത എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങളിൽ മെറിറ്റ് ക്വാട്ടയിൽ, പി. എസ് സി ഏർപ്പെടുത്തിയിട്ടുള്ളതുപോലെ പട്ടികജാതി വിഭാഗത്തിനു 8% സംവരണവും, പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള 2% സംവരണവും ഏർപ്പെടുത്തി ഡയറക്ട് പേയ് മെന്റ് എഗ്രിമെന്റ്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ എന്നിവയിൽ ഭേദഗതിവരുത്തുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |
| (സി) | സർവ്വകലാശാല ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ പട്ടികവിഭാഗത്തിന് ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള സംവരണം നൽകണമെന്ന് 25.5.2015-ൽ കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | | |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചുവെങ്കിലും മേൽ പറഞ്ഞ കോടതി വിധിക്കെതിരെ നിരവധി അപ്പീൽ പെറ്റീഷനുകൾ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിധിക്കെതിരെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടില്ല. |

Priya

സെക്ഷൻ ഓഫീസർ